പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 167 — 16.06.2014 ൽ മറുപടിക്ക്

'സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി പ്രത്യേക പദ്ധതി'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. പി. സി. ജോർജ്<br>,, റോഷി അഗസ്റ്റിൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻനിർത്തി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുക എന്ന ഉദ്ദേശലക്ഷ്യത്തോടെ 'നിർഭയകേരളം സുരക്ഷിത കേരളം' എന്ന പദ്ധതി നടപ്പിലാക്കാൻ 08.05.2014 ലെ G.O. (Rt) No. 1327/14/Home പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നോഡൽ ഓഫീസറായി ശ്രീമതി ആർ. ശ്രീലേഖ ഐ.പി.എസ്. ADGP (SS&T) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലേക്ക് വേണ്ട വോളണ്ടിയർമാരെ തെരഞ്ഞെടുക്കുന്നതിനായി നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ എറണാകുളം ജില്ലാ കളക്ടർ (കൺവീനർ & ജില്ലാ കോർഡിനേറ്റിംഗ് ഓഫീസർ) എറണാകുളം സിറ്റി പോലീസ് കമ്മീഷണർ (മെമ്പർ) എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ലക്ഷ്യം നടപ്പാക്കാൻ ജില്ലാടിസ്ഥാനത്തിൽ എന്തെല്ലാം ക്രമീകരണങ്ങളാണ് ചെയ്തിട്ടുള്ളത്; ആയത് ഫലപ്രദമാണോ; വ്യക്തമാക്കുമോ; | (ബി) 'നിർഭയ കേരളം സുരക്ഷിതകേരളം' എന്ന പദ്ധതി പ്രാരംഭഘട്ടമെന്ന നിലയിൽ എറണാകുളംജില്ലയിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതി പ്രാരംഭഘട്ടത്തിലായതിനാൽ വിലയിരുത്തൽ നടത്തുവാൻ സമയമായിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായി പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സ്ത്രീകൾക്കും കുട്ടികൾക്കു മെതിരെയുള്ള അതിക്രമങ്ങൾ തടയുക എന്ന ഉദ്ദേശത്തോടെ അവർക്കെതിരെയുള്ള കുറ്റകൃത്യങ്ങളിൽ അന്വേഷണം നടത്തുവാൻ ഒരു ജില്ലയിൽ ഒരു വനിതാപോലീസ് സ്റ്റേഷനെങ്കിലും വേണമെന്ന മാനദണ്ഡമനുസരിച്ച് 4 വനിതാ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നീ ജില്ലകളിലാണ് പ്രസ്തുത വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുള്ളത്. കൊല്ലം സിറ്റി, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ റൂറൽ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ 6 വനിതാ പോലീസ് സ്റ്റേഷനുകൾ കൂടി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻഓഫീസർ